സ്വകാര്യ കമ്പനിയായ ദുബായ് പോർട്ട്സ് വേൾഡും തമ്മിൽ ഒരു കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത കരാറിലെ വ്യവസ്ഥകൾ പ്രകാരം വല്ലാർപാടം കണ്ടെയ്നർ ടെർമിനലിലൂടെ ചരക്ക് കൈകാര്യം ചെയ്യുന്നത് 2.5 മില്ല്യൺ ടി.ഇ.യു. എത്തുന്നതുവരെ തുടർച്ചയായി 3 വർഷത്തേയ്ക്ക് സമീപത്ത് മറ്റ് യാതൊരുവിധ കണ്ടെയ്നറുകളും കൈകാര്യം ചെയ്യുന്നതിന് മറ്റ് ടെർമിനലുകൾ ലൈസൻസർ ഓപ്പറേറ്റ് ചെയ്യാൻ പാടില്ല എന്നതാണ്. അതേസമയം ഡിഫൻസ് വെസൽസും കോസ്റ്റ് വെസൽസും ലൈസൻസർക്ക് കൈകാര്യം ചെയ്യാനാകുമെന്ന് പ്രസ്തുത കരാറിൽ പറഞ്ഞിട്ടുണ്ട്. ലൈസൻസറുടേയും ലൈസൻസിയുടേയും ഉഭയസമ്മതപ്രകാരമുള്ള വ്യവസ്ഥകൾക്കനുസൃതമായേ കോസ്റ്റൽ വെസൽസ് ലൈസൻസർക്ക് കൈകാര്യം ചെയ്യാനാകുവെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതുകൊണ്ട് ദുബായ് പോർട്ട്സ് വേൾഡിന്റെ അനുമതിയില്ലാതെ രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനൽ ഓപ്പറേറ്റ് ചെയ്യാൻ ആവില്ലെന്നാണ് കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഇതുമായി ബന്ധപ്പെട്ട് അറിയിച്ചിട്ടുള്ളത്. എന്നാൽ രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനലിന്റെ കോസ്റ്റൽ കണ്ടെയ്നർ ക്രയവിക്രയ പ്രവർത്തനങ്ങൾ തുടരുന്നതിൽ ദുബായ് പോർട്ട്സ് വേൾഡ് വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട് എന്ന് കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഇതിനകം അറിയിച്ചിട്ടുണ്ട്. അതേസമയം രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനം നിർത്തലാക്കിയാൽ ഏകദേശം 5000-ൽപ്പരം തൊഴിലാളികൾക്ക് ദൈനംദിനം ചെയ്തുവരുന്ന തൊഴിൽ നഷ്ടപ്പെടുന്ന സ്ഥിതി ഉണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ യഥാർത്ഥത്തിൽ ഈ നാടിന്റെയും നമ്മുടെ രാജ്യത്തിന്റെയും ഒരു പൊതുസ്വത്താണ്. ആ പൊതുസ്വത്ത് അങ്ങനെ നിലനിറുത്തികൊണ്ടുതന്നെ മദർ വെസലുകൾ വരുന്ന ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലായി പ്രവർത്തിപ്പിക്കുകയും അതോടൊപ്പം രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനൽ ഒരുഡെഡിക്കേറ്റഡ് കാർഗോ ടെർമിനലായോ അതല്ലെങ്കിൽ ഒരു കോസ്റ്റൽ ഷിപ്പിംഗ് ടെർമിനലായോ തുടർന്നും കാര്യക്ഷമമായി പ്രവർത്തിപ്പിക്കണം എന്നതാണ് കേരള സർക്കാർ ഉദ്ദേശിക്കുന്നത്. ഈ കാര്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് തൊഴിലാളികളുടെ ജോലിസ്ഥിരതയും താല്പര്യങ്ങളും പരിഗണിച്ച് തീരുമാനമെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 5-2-2011-ൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് കത്ത് എഴുതിയിട്ടുണ്ട്.

(ഒ) ആലപ്പുഴ ജനറൽ ആശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. എ. എ. ഷുക്കൂർ.: സർ, ഈ സഭയിൽ ഞാൻ വന്നിട്ട് ഒരു വർഷവും മൂന്ന് മാസവുമായി. ഇതിനിടയിൽ മൂന്നു പ്രാവശ്യം ഞാൻ ഇതേ വിഷയം ഇവിടെ ഉന്നയിച്ചിട്ടുണ്ട്. ആദ്യത്തെ തവണ കാളിംഗ് അറ്റൻഷനിലൂടെയാണ് ഉന്നയിച്ചത്. ആലപ്പുഴ ജനറൽ ആശുപത്രിയുടെ സ്ഥിതി വളരെ ശോചനീയമാണ്. പതിനാറു ഡോക്ടർമാരുടെ ഒഴിവ് ഇപ്പോൾ നിലവിലുണ്ട്. പതിനേഴോളം പാരാമെഡിക്കൽ സ്റ്റാഫിന്റെയും കൂടാതെ നേഴ്സുമാരുടെയും ഒഴിവുകൾ ഉണ്ട്. പനിവാർഡിൽ 36 കിടക്കകളുള്ളിടത്ത് 79 പേരെ അഡ്മിറ്റ് ചെയ്തിരിക്കുന്നു. ഒരു ഡോക്ടറുടെ സേവനം മാത്രമാണ് അവിടെ ലഭിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ നിരവധി പ്രശ്നങ്ങളുണ്ട്. വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഈ പ്രശ്നം വളരെ ഗൗരവത്തോടുകൂടി കാണേണ്ടതാണ്. ഈ ആശുപത്രി 400 കിടക്കകളുള്ള ആശുപത്രിയായി പ്രഖ്യാപിച്ചിട്ട് ഒരു വർഷം തികയുന്നു. 200 കിടക്കകളിൽ കൂടുതൽ ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ആവശ്യത്തിന് സ്റ്റാഫ് ഇല്ല, മരുന്നില്ല, വളരെ ശോചനീയമാണ് അവസ്ഥ. ഗൗരവമായ മറ്റൊരു വിഷയം കൂടിയുണ്ട്, ഈ ആശുപത്രിയെ ആശ്രയിക്കുന്നത് നഗരവാസികൾ മാത്രമല്ല, കുട്ടനാട് വെള്ളക്കെട്ട് പ്രദേശത്തെ ജനങ്ങളും ഈ ആശുപത്രിയെയാണ് ആശ്രയിക്കുന്നത്. നമ്മുടെ പ്രിയപ്പെട്ട അംഗം ശ്രീ. സി. കെ. സദാശിവന്റെ സഹോദരനെ ഈ ആശുപത്രിയിൽ കൊണ്ടുവന്നിട്ട് ചികിൽസിക്കാൻ കഴിയാതെ മെഡിക്കൽ കോളേജിൽ വിടേണ്ടിവന്നു. ഇവിടെ ചികിത്സ കിട്ടിയിരുന്നെങ്കിൽ അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കാൻ കഴിയുമായിരുന്നു. അങ്ങനെ നിരവധി ആളുകൾ. ഈ ആശുപത്രിയുടെ മുന്നിൽ മെഡിക്കൽ സ്റ്റോർ നടത്തുന്ന എന്റെ അടുത്ത സുഹൃത്ത് ഈ അടുത്ത ദിവസം ചികിത്സ കിട്ടാതെ മരണപ്പെട്ടു. അങ്ങനെ നിരവധി സംഭവങ്ങൾ ഉണ്ടാകുന്നു. ആലപ്പുഴ ആശുപത്രിയുടെ ശോചനീയമായ അവസ്ഥ പരിഹരിക്കാൻ അടിയന്തിര നടപടിയുണ്ടാകണം. മൂന്ന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ആലപ്പുഴയ്ക്ക് പ്രഖ്യാപിച്ചിട്ട് ഒരു വർഷം കഴിഞ്ഞിരിക്കുന്നു. ഇതുവരെ അതിന് യാതൊരു നടപടിയും നഗരസഭ എടുത്തിട്ടില്ല, സർക്കാർ മുൻകൈയെടുക്കുന്നുമില്ല. അടിയന്തരമായി ആരോഗ്യ വകുപ്പ് ഈ പ്രശ്നം പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, ആലപ്പുഴ ആശുപത്രി ജനറൽ ആശുപത്രിയായത് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ്. അന്ന് ഇവിടെ എം.എൽ.എ.-യായിരുന്നത് ശ്രീ കെ. സി. വേണുഗോപാൽ, ഇന്നത്തെ കേന്ദ്ര മന്ത്രിയാണ്. വണ്ടാനത്ത് മെഡിക്കൽ കോളേജ് ഷിഫ്റ്റ് ചെയ്യുന്നതിനുമുമ്പ് മെഡിക്കൽ കോളേജിന്റെ ഭാഗമായി ഒരു കുശിനി പോലെ പ്രവർത്തിച്ചിരുന്ന ജില്ലാ ആശുപത്രിയെ പുതിയ തസ്തിക സൃഷ്ടിച്ചുകൊണ്ട് ജനറൽ ആശുപത്രിയാക്കി മാറ്റുകയും വണ്ടാനത്തേക്ക് മെഡിക്കൽ കോളേജ് ഷിഫ്റ്റ് ചെയ്യുകയും ചെയ്തതോടുകൂടി കുറെയേറെ സൗകര്യങ്ങൾ അവിടെ വന്നിട്ടുണ്ട്. കേവലം 15 ഡോക്ടർമാർ മാത്രമുണ്ടായിരുന്ന ആ ജില്ലാ ആശുപത്രിയെ 37 ഡോക്ടർമാരുടെ തസ്തികയുള്ള ഒരു ജനറൽ ആശുപത്രിയാക്കുകയും 400 ബെഡ്ഡുള്ള ഒരു ആശുപത്രിയായി ഉയർത്തുകയും ചെയ്തിട്ടുണ്ടായിരുന്നു. അങ്ങ് ഇപ്പോൾ ഇവിടെ സൂചിപ്പിച്ചതുപോലെ 37 ഡോക്ടർമാരിൽ 9 ഡോക്ടർമാരുടെ ഒഴിവാണ് അവിടെയുള്ളത്. 28 ഡോക്ടർമാർ അവിടെ വർക്ക് ചെയ്യുന്നുണ്ട്. ഒരു പക്ഷേ വർക്കിംഗ് അറേഞ്ച്മെന്റിൽ അങ്ങോട്ട് ഇട്ടതായിരിക്കാം. അല്ലെങ്കിൽ നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ ഫണ്ടുപയോഗിച്ച് വർക്ക് ചെയ്യുന്നതായിരിക്കാം. പക്ഷേ അവിടത്തെ ഇൻ-പേഷ്യന്റുമായി തട്ടിച്ചുനോക്കിയാൽ 28 ഡോക്ടർമാർ വർക്ക് ചെയ്യുന്ന ആശുപത്രിയിൽ ഇന്ന് അവിടെ വരുന്ന രോഗികൾക്ക് കൊടുക്കാനുള്ള എല്ലാ ചികിത്സാ സംവിധാനവുമുണ്ട്. മരുന്നില്ല എന്നൊക്കെ പറയുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് മനസ്സിലാകുന്നില്ല. നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അവിടത്തെ സൂപ്രണ്ടിനോട് എനിക്ക് എഴുതിത്തരാൻ പറയണം. ആരോഗ്യ വകുപ്പുമന്ത്രിക്കോ ഹെൽത്ത് സർവ്വീസ് ഡയറക്ടർക്കോ ആലപ്പുഴ ജനറൽ ആശുപത്രിയിൽ മരുന്നില്ല എന്ന് രേഖാമൂലം എഴുതിത്തരാൻ പറയണം. അപ്പോൾ കാണാം, അവിടെ വേറെ എന്തോ കളി നടക്കുന്നുണ്ട്. ഗവൺമെന്റിന് മരുന്നു കൊടുക്കുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. ആലപ്പുഴ വെയർ ഹൗസിൽ മൂന്നു മാസത്തേയ്ക്കുള്ള മരുന്ന് സ്റ്റോക്കുണ്ട്. അങ്ങയുടെ മുമ്പിൽ വച്ചൊരു മീറ്റിംഗ് നടത്തിയപ്പോൾ അവിടെ ഉണ്ടായിട്ടുള്ള പ്രയാസങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. അവിടെ ഡോക്ടർമാരും സ്റ്റാഫും ഇല്ലാത്തതല്ല പ്രശ്നം. ഇരുപത്തിയെട്ടോ മുപ്പതോ ഡോക്ടർമാർ പ്രതിബദ്ധതയോടെ വർക്കു ചെയ്യുന്നതിൽ കുറവ് വന്നിട്ടുണ്ടോ എന്ന് പരിശോധിക്കാൻ അങ്ങും തയ്യാറാകണം. എറണാകുളം ജനറൽ ആശുപത്രിയിലോ തിരുവനന്തപുരം ജനറൽ ആശുപത്രിയിലോ ഡോക്ടർമാരും സ്റ്റാഫ് നേഴ്സും പാരാമെഡിക്കൽ സ്റ്റാഫും വർക്കു ചെയ്യുന്ന ഒരു രീതിയിലല്ല ഇവിടെ കാണുന്നത്. കാരണം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വർക്കു ചെയ്യുന്ന ശീലം അവിടെ ഇപ്പോഴും ആവർത്തിച്ചു വരുന്നു എന്നുള്ളതാണ്. അത് പരിഹരിക്കാൻ കഴിഞ്ഞാൽ നമുക്ക് ആ പ്രശ്നവും പരിഹരിക്കാം.

(7) ടി.ആർ. ആന്റ് ടി. തോട്ടത്തിലെ സമരം

ശ്രീ. കെ. രാജു.: സർ, പത്തനാപുരം താലൂക്കിലെ ആര്യങ്കാവ് പഞ്ചായത്തിൽപ്പെട്ട അമ്പലമേട് ടി. ആർ. & ടീ കമ്പനിയിലെ തൊഴിലാളികൾ കഴിഞ്ഞ കുറേയേറെ ദിവസങ്ങളായി സമരത്തിലാണ്. ഈ കഴിഞ്ഞ ഒന്നാം തീയതി മുതൽ തൊഴിലാളി സംഘടനകളുടെ നേതാക്കൾ നിരാഹാര സത്യാഗ്രഹം നടത്തിവരികയാണ്. മാനേജ്മെന്റ് വളരെ ക്രൂരമായ നിലപാടാണ് തൊഴിലാളികളോട് സ്വീകരിക്കുന്നത്. പ്ലാന്റേഷൻ ലേബർ കമ്മിറ്റി (പി.എൽ.സി) അംഗീകരിച്ച ശമ്പളം കൊടുക്കാൻ തയ്യാറാകാത്ത ഒരു മാനേജ്മെന്റാണ് അത്. പി.എൽ.സി. അംഗീകരിച്ച ഒരു ദിവസത്തെ ശമ്പളത്തിൽ നിന്ന് 25 രൂപ കുറച്ചാണ് അവിടെ വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. ആ കൂലിയിൽ നിന്നുതന്നെ ഒരു മാസം 250 രൂപ ഒരു ശിക്ഷ എന്ന രീതിയിൽ തൊഴിലാളികളിൽ നിന്ന് മാനേജ്മെന്റ് പിടിക്കുകയാണ്. ഇടക്കാലത്തുവച്ച് കമ്പനി നഷ്ടത്തിലായിരുന്നു. അതുകൊണ്ട് ശമ്പളത്തിൽ നിന്ന് 250 രൂപ വച്ച് മാസം പിടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കിരാതമായ നടപടി കേട്ടുകേൾവിയുള്ളതല്ല. അതിനെതിരായിട്ടാണ് തൊഴിലാളികൾ സമരം ചെയ്യുന്നത്. പ്ലാന്റേഷൻ ലേബർ കമ്മിറ്റി അംഗീകരിച്ചിട്ടുള്ള കൂലി കൊടുക്കണം, പിടിച്ച ശമ്പളം തിരിച്ചു കൊടുക്കണം, ഇതിന് തയ്യാറാകാത്ത മാനേജ്മെന്റിന്റെ പേരിൽ കർശനമായ നടപടി സ്വീകരിക്കണം.

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): സർ, ടി.ആർ.ആന്റ് ടീ. സാമി എന്നുപറയുന്ന ആൾ കടുത്ത തൊഴിലാളി ദ്രോഹിയും നീതിനിഷേധിയുമാണ്. പുതുതായി ആരംഭിച്ച സമരമല്ല. നിരന്തരമായി അയാളുടെ സ്ഥാപനത്തിൽ സമരമാണ്. പുകലപ്പാറയിൽ

LIBRARY ARCHIVES Kerala Legislative Assembly